പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2225 — 11.02.2020 ൽ മറുപടിയ്ക്ക്

**സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം സാധാരണക്കാരുടെ കുടുംബ ബജറ്റിന്റെ താളം തെറ്റിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; | (എ) | ഉൽപാദന കേന്ദ്രങ്ങളിലെ വിളവില്ലുണ്ടായ കുറവ്, ഇന്ധന വില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ്, എന്നീ കാരണങ്ങളാൽ പയറുവർഗ്ഗങ്ങൾ, മുളക് എന്നിവയുടെ പൊതു വിപണിയിലെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ, സപ്ലൈകോ മുഖേനയുള്ള കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം വഴി ഉപഭോക്താക്കൾക്ക് പൊതു വിപണിയിലെ വില വർദ്ധനവ് ബുദ്ധിമുട്ടുണ്ടാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രതിസന്ധിയിൽ നിന്നും സാധാരണക്കാരായ ജനങ്ങളെ രക്ഷിക്കുവാൻ സിവിൽ സപ്ലൈസ് വഴി എന്തൊക്കെ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്; | (ബി) | പൊതുവിപണിയിലെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിനും ഉപഭോക്താക്കൾക്ക് വിലക്കുറവിൻറെ ആശ്വാസം നൽകുന്നതിനുമായി സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണിയിടപെടൽ സംവിധാനം നിലവിലുണ്ട്. ഇ-ടെണ്ടർ മുഖേനയും നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേന ഉൽപാദന കേന്ദ്രങ്ങളിൽ നിന്നുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ സംസ്ഥാന വിപണിയിൽ എത്തിച്ചും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെയുമാണ് വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിനു പുറമേ മറ്റ് നോൺ മാവേലി സാധനങ്ങളും ശബരി ബ്രാൻഡിൽ വിപണിയിലെത്തിക്കുന്ന തേയില, കാപ്പിപ്പൊടി, മസാലപ്പൊടികൾ തുടങ്ങിയവയും വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിതരണം ചെയ്തു വരുന്നത്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും, ആയത് കാലാകാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | യോഗം ചേരുകയും ചെയ്യുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയത് വഴി റേഷൻ സാധനങ്ങളുടെ വിതരണത്തിന്റെ കൃത്യതയും, വിതരണവും ശക്തമാക്കിയത് വഴി പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടഞ്ഞ് ആയതിന്റെ ലഭ്യതയും, ന്യായവിലയും ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകൾ നടത്തി വരുന്നു. |
| (സി) | അവശ്യ സാധനങ്ങൾക്ക് മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലും ഉണ്ടായിട്ടുള്ള ദൗർലഭ്യം പൊതുകമ്പോളത്തിലെ വിലവർദ്ധനവിന് കാരണമായിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; | (സി) | ഇല്ല. ഇ-ടെണ്ടർ സംവിധാനത്തിൽ സാങ്കേതികമായ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടി വന്നത് മൂലം നവംബർ മാസത്തെ വാങ്ങൽ നടപടികളിലുണ്ടായ ചെറിയ കാലതാമസം മൂലം ഔട്ട് ലെറ്റുകളിൽ താൽക്കാലിക ദൗർലഭ്യം നേരിട്ടുവെങ്കിലും നിലവിൽ അത് പരിഹരിക്കുവാനും ആവശ്യത്തിന് സ്റ്റോക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പ് ശക്തമായ നിലയിൽ കമ്പോള ഇടപെടലുകൾ നടത്തുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻ ആവശ്യപ്പെടുമോ? | (ഡി) | വിപണിയിടപെടലിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ വർദ്ധനവ് ബജറ്റ് വിഹിതത്തിൽ വരുത്തണമെന്നഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ